**പതിനാലാം കേരള നിയമസഭ**

**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.48 12.01.2021-ൽ മറുപടിയ്ക്ക്

## <u>പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ</u>

| <u>ചോദ്യം</u><br>**ശ്രീ.കെ.വി.വിജയദാസ്** | | <u>മറുപടി</u><br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
|---|---|---|---|
| (എ) | പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ പുതിയൊരു സമീപനം സ്വീകരിച്ചിട്ടുള്ള ഈ സർക്കാർ അവശേഷിക്കുന്ന കാര്യങ്ങൾ കൂടി സമയബന്ധിതമായി പൂർത്തീകരിക്കുമോ; വിശദവിവരം നൽകുമോ; | (എ) യും (ബി) യും | പ്രകടന പത്രികയിൽ നൽകിയ 600 വാഗ്ദാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി ഓരോ വർഷവും വിലയിരുത്തി പ്രോഗ്രസ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചത് സംസ്ഥാനത്ത് ആദ്യാനുഭവമായിരുന്നു. ഭൂരിഭാഗം വാഗ്ദാനങ്ങളും നടപ്പാക്കി. ശേഷിക്കുന്നവ വരും മാസങ്ങളിൽ പൂർത്തിയാക്കും. അപൂർവ്വം ചിലത് പുതിയ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. ഇക്കാര്യങ്ങളെല്ലാം ജനങ്ങളോട് വ്യക്തമാക്കിക്കൊണ്ടാണ് സർക്കാർ മുന്നോട്ട് പോകുന്നത്. സംസ്ഥാനത്തിന്റെ വികസനത്തിലെ പ്രധാന ദൗർബല്യങ്ങളിലൊന്ന് പശ്ചാത്തല സൗകര്യത്തിലെ പിന്നോക്കാവസ്ഥയാണ്.പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾക്കപ്പുറം ഈ ദൗർബല്യം മറികടക്കുന്നതിനായി ചില വൻകിട പദ്ധതികൾ ഏറ്റെടുത്തു പൂർത്തിയാക്കുന്നതിനും, നടപടി സ്വീകരിച്ചു. പ്രധാനപ്പെട്ട പദ്ധതികൾ പൂർത്തീകരിക്കാനും മറ്റ് പല പദ്ധതികൾക്ക് തുടക്കം കുറിക്കാനും കഴിഞ്ഞിട്ടുണ്ട്. പ്രളയവും, ഓഖിയും, നിപ്പയും, കോവിഡുമെല്ലാ ദുരന്തങ്ങളും മഹാമാരിയുമായി എത്തിയപ്പോഴും മുന്നോട്ട് വച്ച ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങളാണ് നടത്തി വരുന്നത്. |
| (ബി) | അപ്രകാരം പ്രകടനപത്രികയിൽ പറഞ്ഞിരുന്ന മുഴുവൻ കാര്യങ്ങളും നടപ്പിലാക്കിയ സർക്കാരായി മാറുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ? | | |

സെക്ഷൻ ഓഫീസർ